2. അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ പ്രചരണം ജില്ലാപഞ്ചായത്ത് തലത്തിൽ ജൈവഗ്യാസിഫയറുകൾ, സാമൂഹിക ജൈവ വാതക പ്ലാന്റുകൾ, മെച്ച പ്പെട്ട സാമൂഹിക അടുപ്പുകൾ, സൗര ഉപകരണങ്ങളുടെ സ്ഥാപനത്തിനാ യുള്ള പ്രവർത്തനങ്ങൾ.

3. കെ.എസ്.ഇ.ബി.-അനെർട്ട് സംയുക്ത ആഭിമുഖ്യത്തിൽ ദശലക്ഷം സി.എഫ്.എൽ. പദ്ധതി പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ വഴി 7 ലക്ഷം സി.എഫ്.എൽ വിതരണം ചെയ്തു കഴിഞ്ഞു.

4. ചെറുകിട ജലവൈദ്യുത ഉൽപ്പാദനത്തിനായി 867 സൈറ്റുകളിലായി പര്യവേക്ഷണ പഠനങ്ങൾ നടത്തുകയും അറ്റ്ലസ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

5. പ്രാദേശിക സമഗ്ര ഊർജ്ജ വികസന മാസ്റ്റർപ്ലാനുകൾ തയ്യാറാക്കു ന്നതിനുള്ള ഊർജ്ജ മേഖലാ വിലയിരുത്തൽ പഠനങ്ങൾ പൂർത്തീകരിച്ചു വരുന്നു.

6. തദ്ദേശ സ്ഥാപനങ്ങളിൽ ഊർജ്ജ ലാഭ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് നടപടികൾ അന്തിമ ഘട്ടത്തിലാണ്.

7. തദ്ദേശ സ്ഥാപനങ്ങൾ വഴിയുള്ള എനർജി ഓഡിറ്റ് നടന്നുവരുന്നു.

8. സഹകാര്യ പങ്കാളിത്തത്തോടെ പവന വൈദ്യുതോത്പാദന നിലയങ്ങളും സൗര വൈദ്യുത നിലയങ്ങളും സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

9. അന്തിമ ഊർജ്ജോപയോഗ പഠനങ്ങൾ, വൈദ്യുതീകരിക്കപ്പെടാത്ത വീടുകളുടെയും പൊതുസ്ഥാപനങ്ങളുടെയും വിശദാംശ വിവരശേഖരണം, നിലവിലുള്ള വൈദ്യുതി ശൃംഖലാ വിതരണം, കഡസ്ട്രൽ ഭൂപടത്തിൽ ചിത്രീകരിക്കുന്ന പവ്വർലൈൻ മാപ്പിംഗ് ഇവയും പുരോഗമിച്ചുവരുന്നു.

(സി) ഉദിക്കുന്നില്ല.

ജീവനക്കാർക്ക് ആനുകൂല്യങ്ങൾ അനുവദിച്ചുകൊണ്ടുള്ള അനെർട്ട് ഡയറക്ടറുടെ ഉത്തരവ്

185 (5590) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനെർട്ട് ഡയറക്ടർക്ക് ഗവൺമെന്റിൽ നിന്നും ലഭിച്ച നമ്പർ 631/ പി.എസ്.2/10/പി. ഡി. തീയതി 16-2-2010 കത്തിന്റെ കോപ്പിയും അനുബന്ധ ത്തിന്റെ കോപ്പിയും ലഭ്യമാക്കുമോ ; എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ പ്രതിപാദിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ അനെർട്ട്, ഊർജ്ജ സുരക്ഷാമിഷൻ എന്നിവയിലെ എത്ര ജീവനക്കാർക്ക് 27-2-2010-ൽ നോട്ടീസ് നൽകിയിട്ടുണ്ട് ; എന്ത് കാരണം കാണിച്ചാണ് നോട്ടീസ് നൽകിയിരിക്കുന്നത് ; പ്രസ്തുത ജീവനക്കാർ ആരെല്ലാമാണ്; ഇവർ ഏതെല്ലാം തസ്തികയിൽ എവിടെയൊക്കെ ജോലി ചെയ്യുന്നു; ഇവരുടെ നിയമനം സ്ഥിരമാണോ ; താൽക്കാലികമാണോ ; ഇവർ ഓരോ മാസവും വാങ്ങുന്ന ശമ്പളം എത്രയെന്ന് വിശദമാക്കുമോ ;

(സി) ഗവൺമെന്റിൽ നിന്ന് മേൽ കത്ത് വന്നതിന് ശേഷം പ്രസ്തുത ജീവനക്കാർക്ക് എ.ഒ.നമ്പർ 380/2010 അനെർട്ട് തീയതി 20-3-2010 പ്രകാരം ആനുകൂല്യങ്ങൾ അനുവദിച്ചുകൊണ്ട് അനെർട്ട് ഡയറക്ടർ പുറപ്പെടുവിച്ച ഉത്തരവ് വിശദമാക്കുമോ ; പ്രസ്തുത ഉത്തരവിന് അനെർട്ടിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയോ ഗവേണിംഗ് ബോഡിയുടെയോ അംഗീകാരമുണ്ടോ ; എങ്കിൽ ഇതിന്റെ കോപ്പി ലഭ്യമാക്കുമോ ; പ്രസ്തുത നടപടി സർക്കാർ അംഗീകരിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ എന്ത് നടപടികളാണ് സ്വീകരിക്കാൻ പോകുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഊർജ്ജ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 16-2-2010 ലെ 631/പി.എസ്.2/10/പി.ഡി. നമ്പർ കത്തിന്റെയും അനുബന്ധത്തിന്റെയും പകർപ്പ് ഇതോടൊപ്പം അനുബന്ധം 1 ആയി ഉള്ളടക്കം ചെയ്യുന്നു.† എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് മുമ്പാകെ ശ്രീ. ഡേവിഡ് ജോർജ്ജ് സമർപ്പിച്ച ക്രിമിനൽ മിസലേനിയസ് പെറ്റീഷൻ നമ്പർ 1933/2009 ന്റെ, മറുപടി സമർപ്പിക്കണമെന്നാണ് പ്രസ്തുത കത്തിലൂടെ ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുള്ളത്.

(ബി) പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ നോട്ടീസ് നൽകിയിട്ടില്ല. സി.എം.പി. യുടെ കോപ്പി പ്രതിചേർക്കപ്പെട്ടവരുടെ ശ്രദ്ധയിലേക്കും അഭിപ്രായത്തിനുമായി ലഭ്യമാക്കിയിട്ടുണ്ട്.

(സി) സർക്കാരിന്റെ കത്തിൽ പരാമർശിച്ച ജീവനക്കാർ ഐ.ആർ.ഇ.പി. പ്രോജക്ടിലെ ജീവനക്കാരായിരുന്നു. ഇവരുടെ സേവനം 2008 മാർച്ചിൽ അവസാനിച്ചു. ഈ ജീവനക്കാർക്ക് പുതിയ ആനുകൂല്യങ്ങൾ നൽകുന്ന എ.ഒ. യുടെ പകർപ്പ് അനുബന്ധം 2 ആയി ചേർക്കുന്നു.* ഈ ഉത്തരവ് ഡയറക്ടറുടെ അധികാര പരിധിയിൽ വരുന്നതാണ്. ഇതിന് EC, GB യുടെ പ്രത്യേക അനുമതി ആവശ്യമില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.